ശ്രീ. തോപ്പിൽ മോസ്കരൻപിള്ള : ഇതിൽ പഞ്ചായത്തിന്റെ ശുപാർശകൂടി അംഗീകരിക്കാറുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്.

ശ്രീ. തോപ്പിൽ മോസ്കരൻപിള്ള : പഞ്ചായത്തുകളുടെ ശുപാർശകൂടിക്കു വിപരീതമായി ഗവണ്മെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഏതാണ് 548 പഞ്ചായത്തുകൾ ഉണ്ട്. ചിലേടെ പഞ്ചായത്തിലും ഒന്നിലധികം മാർക്കറ്റുകൾ ഉണ്ട്. അതുകൊണ്ട് ഇതു് ഏതു് മാർക്കറ്റിനെക്കുറിച്ചു് എന്നു് അറിഞ്ഞാൽ മറുപടി പറയാം.

ശ്രീ. പി. നാരായണൻപോറ്റി : പ്രൈവറ്റ് ചന്തകൾ അനുവദിക്കുന്നതിനെ സംബന്ധിച്ചു് ഗവണ്മെന്റിന്റെ നയം എന്താണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു നിരുത്സാഹപ്പെടുത്തുമെന്നാണു്.

ശ്രീ. പി. നാരായണൻപോറ്റി : പബ്ലിക്കു് ചന്തകൾ ഉള്ള സ്ഥലത്തു് പ്രൈവറ്റ് ചന്തകൾ അനുവദിക്കാറുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

കളിസ്ഥലങ്ങൾ.

* 517. [12] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല പ്രധാന സ്ഥലങ്ങളിലും ആവശ്യമായ പ്ലേ ഗ്രൗണ്ട്സ് ഇല്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മുനിസിപ്പൽ അതിർത്തിക്കകത്തെങ്കിലും ഈ കുറവു പരിഹരിക്കുവാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടികളെടുക്കാൻ ശ്രദ്ധിക്കുമോ ;

(സി) മുനിസിപ്പാലിറ്റികളിലെ ഇതുപോലുള്ള കുറവു പരിഹരിക്കുവാൻ സാമ്പത്തികസഹായം അപേക്ഷിച്ചാൽ ഗവണ്മെന്റ് അനുകൂലമായി പരിഗണിക്കുമോ ;

(ഡി) ഏറ്റവുമടുത്ത മുനിസിപ്പൽ കൗൺസിൽ, 1951 മുതൽ ഇങ്ങനെ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ട സ്ഥലത്തിനും മറ്റും സഹായം ആവശ്യപ്പെട്ടതിന്മേൽ ഗവണ്മെന്റ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ടു്.

(ബി) ശ്രദ്ധിക്കുന്നതാണു്.

(സി) രണ്ടാമത്തെ പഞ്ചവത്സരപദ്ധതിപ്രകാരം ഇതിനാവശ്യമുള്ള ധനസഹായം ലഭിച്ചാൽ ഈ കാര്യം പരിഗണിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗവണ്മെൻറിന്റെ ചെലവും സ്ഥലം എടുക്കണമെന്നുള്ള ഗവണ്മെൻറിന്റെ നയവും സംബന്ധിച്ചു ഇതിനു് ഇതു വിപരീതമാകയാൽ ഗവണ്മെൻറ അപേക്ഷ നിരസിച്ചു. വീണ്ടും ഒരേക്കർ അഞ്ചു സെൻറ സ്ഥലം ഇതിനു വേണമെന്നു് കൗൺസിലിലെ ചെയർമാനും ഒന്നാം രണ്ടു മെംബറന്മാരും ചേർന്നു് നേരിട്ടു് നിവേദനം നടത്തിയിട്ടുണ്ടു്. അതനുസരിച്ചു് മുനിസിപ്പാലിറ്റിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടു്.

ശ്രീ. ആർ. പ്രകാശം : രണ്ടാമത്തെ പഞ്ചവത്സര പദ്ധതിയിൽ ഇതു് ഉൾപ്പെട്ടുന്നതാണെന്നു് പറഞ്ഞിട്ടുണ്ടു്. അതു് എന്താണെന്നു് വിശദമായി പ്രസ്താവിച്ചാൽ കൊള്ളാം.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇൻഡ്യാഗവണ്മെൻറിൽ നിന്നും ഈ ആവശ്യത്തിലേക്കു് പണം അനുവദിച്ചുതരിയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഓരോ മുനിസിപ്പാലിറ്റിക്കും വീതിച്ചുകൊടുക്കും.

ശ്രീ. ആർ. പ്രകാശം : മുനിസിപ്പാലിറ്റികൾ ഇല്ലെങ്കിൽ ആർക്കു് കൊടുക്കും ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പഞ്ചായത്തുകൾക്കു് കൊടുക്കും.

ശ്രീ. പി. കെ. ചാത്തൻ : പണം നൽകുന്നതു സംബന്ധിച്ചു് ആക്ഷേപങ്ങൾ ഉണ്ടാകാതെയിരിക്കുവാൻ വേണ്ടി ഈ സഭയിൽനിന്നും നിയമിച്ച ഒരു കമ്മിറ്റിയെ ഇതിനായി നിയമിക്കാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിന്റെ ആവശ്യം ഇല്ല. പണം ഇൻഡ്യാ ഗവണ്മെൻറിൽനിന്നു് ലഭിക്കുകയാണെങ്കിൽ മാത്രമേ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ട ആവശ്യം ഉള്ളൂ.

ശ്രീ. സി. എ. മാത്യു : ഒരു ചെറിയ തോതിലെങ്കിലും എല്ലാ സ്ഥലത്തും കളിസ്ഥലങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറിനു് അഗ്രഹമുണ്ടു്. പക്ഷെ അതു് എത്രകണ്ടു് സാദ്ധ്യമാകുമെന്നു് അറിഞ്ഞുകൂടാ.

ശ്രീ. എൻ. പരമേശ്വരൻപിള്ള : വളരെ പ്രധാനപ്പെട്ട സ്ഥലമായ ചങ്ങനാശ്ശേരിയിൽ ഒരു കളിസ്ഥലം അനുവദിക്കാമോ ?

MR. SPEAKER: I cannot allow questions relating to local matters.

ശ്രീ. പി. കെ. ചാത്തൻ : ഓരോ സ്ഥലത്തും ഓരോരുത്തർ അപേക്ഷിക്കുന്നതുവരെ കാത്തിരിക്കാതെ ഗവണ്മെൻറുതന്നെ ഇതിന്റെ ആവശ്യകതയെ പ്രമാണിച്ചു് നടപടി എടുക്കാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ . ഇതൊക്കെ ഇൻഡ്യാ ഗവണ്മെൻറിന്റെ ധനസഹായത്തെ അപേക്ഷിച്ചിരിക്കുകയാണു്.

പ്രൈമറി സ്കൂളുകൾ

* 518. [13] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തുള്ള ആകെ പ്രൈമറി സ്കൂളുകൾ എത്ര; ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കാവുന്ന കുട്ടികൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly